www.islamhouse.com

مطويات الجاليات ٤٣ / ٤

# حكم
# الاحتفال بالمولد النبوي

إعداد

قسم الترجمة بالمكتب

# പ്രവാചകസ്നേഹം

തയ്യാറാക്കിയത്:

അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി.

٠٧٠٣٠٠٨ مليباري

المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي
ص.ب. ١٤١٩ الرياض ١١٤٣١ هاتف ٢٤١٠٦١٥ ناسوخ ٢٣٢ - ٢٤١٤٤٨٨
البريد الالكتروني : sulay5@hotmail.com

അല്ലാഹുവിൻെറ നാമത്തിൽ

ഒരാൾ യഥാർത്ഥ മുഅ്മിനായിത്തീരുന്നതിന് അനിവാര്യമായ കാര്യങ്ങളിൽ പെട്ടതാണ് പ്രവാചകൻ(സ)യെ സ്നേഹിക്കുക എന്നുള്ളത്. അല്ലാഹുവിൻെറ സ്നേഹം ലഭിക്കുന്നതിന് പ്രവാചകനെ പിൻപററലും സ്നേഹിക്കലും അനിവാര്യമാണ്. ഖുർആൻ പറയുന്നത് കാണുക, ''(നബിയെ) പറയുക നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപററുക എങ്കിൽ അല്ലാഹു നിങ്ങളേയും സ്നേഹിക്കും'' (ആലു ഇംറാൻ: 31). നബി(സ) പറഞ്ഞു: ''നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളേക്കാളും മക്കളേക്കാളും മററു മുഴുവൻ ജനങ്ങളേക്കാളും എന്നെ സ്നേഹിക്കുന്നത് വരെ നിങ്ങളാരും വിശ്വാസി കളായിത്തീരുകയില്ല.'' (ബുഖാരി). അപ്പോൾ വിശ്വാസിയായിത്തീരുന്നതിന് പ്രവാചകനെ സ്നേഹിക്കലും പിൻതുടരലും നിർബന്ധമാണ്.

മേൽ സൂചിപ്പിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ഇന്ന് നമുക്കിടയിൽ പ്രചരിച്ചിട്ടുള്ളതും ഭൂരിഭാഗം ആളുകളും പ്രവർത്തിക്കാൻ തിടുക്കം കൂട്ടിക്കൊണ്ടിരിക്കുന്നതുമായ പ്രവാചകൻ(സ)യെ സ്നേഹിക്കുന്നു എന്ന പേരിൽ കൊണ്ടു നടക്കുന്ന ജന്മദിനാഘോഷത്തിന് വല്ല തെളിവിൻേറയും പിൻബലമുണ്ടോ എന്ന് പരിശോധിക്കാം.

ആദ്യമായി നാം മനസിലാക്കേണ്ടതായ വസ്തുത ഇസ്ലാം മാത്രമാണ് അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം. അത് കൊണ്ട് തന്നെ ഇസ്ലാമിലെ ആഘോഷങ്ങളും പുണ്യകർമ്മങ്ങളും ആരാധനകളുമെല്ലാം അല്ലാഹുതന്നെ നമുക്ക് നിർണ്ണയിച്ചു തന്നിട്ടുണ്ടായിരിക്കണം. അവയാകട്ടെ ഇസ്ലാമിൻെറ പ്രമാണങ്ങളായ ഖുർആനിലും ഹദീസി (നബിചര്യ)ലും കണ്ടെത്താൻ കഴിയുന്നവ മാത്രമായിരിക്കും.

അതനുസരിച്ച് നമുക്ക് മുകളിൽ സൂചിപ്പിച്ചതായ (മൗലിദ്) ജന്മദിനാഘോഷമെന്ന പുത്തനാചാരത്തെ പ്രമാണങ്ങളിലൂടെ ഒന്ന് വിലയിരുത്താം.

## ഒന്ന് : റബീഉൽ അവ്വൽമാസം

ഇസ്‌ലാം നാല് മാസങ്ങൾ പവിത്രത കൽപ്പിക്കേണ്ട മാസങ്ങളായി നമുക്ക് അറിയിച്ചു തന്നിട്ടുണ്ട് അവ ദുൽഖഅദ്, ദുൽഹജ്ജ്, മുഹർറം, റജബ് എന്നിവയാണ്, മറ്റൊന്ന് ഖുർആൻ അവതരിച്ച മാസമായ റമദാൻമാസവുമാണ്. ഇവയല്ലാത്ത മറ്റൊരു മാസത്തെ പുണ്യമാസമായി ഖുർആനോ ഹദീസോ പഠിപ്പിച്ചു തന്നിട്ടില്ല. അപ്പോൾ പുണ്യമാസമായി റബീഉൽഅവ്വലിനെ കാണൽ സുന്നത്തിന്ന് വിരുദ്ധമാണ്.

## രണ്ട്, റബീഉൽഅവ്വൽ പന്ത്രണ്ട്:

പുണ്യദിനങ്ങളായി നബി(സ) ഏതാനും ദിവസങ്ങൾ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. ഉദാഹരണമായി ദുൽഹജ്ജ് ഒമ്പത്, മുഹർറംപത്ത്........ എന്നാൽ അക്കൂട്ടത്തിൽ റബീഉൽ അവ്വൽ പന്ത്രണ്ട് നമുക്ക് കാണാൻ കഴിയുന്നില്ല. അക്കാരണത്താൽ തന്നെ പ്രസ്തുത ദിവസത്തിന് പ്രാധാന്യം കാണൽ നബിചര്യക്ക് യോജിച്ചതല്ലതാനും.

## മൂന്ന്, ജന്മദിനം

ഇസ്‌ലാം ആരുടെയെങ്കിലും ജന്മദിനത്തിനോ ചരമദിനത്തിനോ എന്തെങ്കിലും പ്രാധാന്യം കൽപ്പിച്ചതായോ പ്രാധാന്യം കൽപ്പിക്കാൻ നിർദ്ദേശിച്ചതായോ യാതൊരു തെളിവുമില്ല. നബിയുടെ ജന്മദിനത്തിലൂടെ ജനങ്ങൾക്ക് പുണ്യം നേടാനുള്ള ഒരു മാർഗം നിശ്ചയിക്കപ്പെട്ടിരുന്നുവെങ്കിൽ പ്രസ്തുത ദിവസം ഏതാണെന്ന കാര്യത്തിലെങ്കിലും മുസ്‌ലിം ചരിത്രകാരൻമാർക്ക് ഇടയിൽ അഭിപ്രായ ഐക്യമുണ്ടാകേണ്ടതാണ്.

പ്രസിദ്ധ ചരിത്രകാരന്മാരിൽ പലരും റ
ബീഉൽ അവ്വൽ ഒമ്പതിനായിരുന്നു ന
ബി (സ)യുടെ ജനനം എന്നാണ് രേഖ
പ്പെടുത്തിയിട്ടുള്ളത്. മററുചിലരാകട്ടെ
പന്ത്രണ്ടിന് എന്നും, ഇത് രണ്ടുമല്ലാത്ത
മററ് അഭിപ്രായങ്ങളുമുണ്ട്. ഇതാണ്
ജന്മ ദിനത്തിൻെറ അവസ്ഥ.

നബി(സ) മൂന്ന് നൂററാണ്ട് (തലമുറ) ഏ
ററവും ഉത്തമ നൂററാണ്ട് എന്ന് നമുക്ക്
പറഞ്ഞുതന്നു: ‘‘നൂററാണ്ടുകളിൽ ഏററ
വും ഉത്തമമായത് എൻെറ നൂററാണ്ടും
പിന്നീട് അതിന്നടുത്ത നൂററാണ്ടും പി
ന്നീട് അതിന്നടുത്ത നൂററാണ്ടുമാണ്’’
(ബുഖാരി)

ഈ മൂന്ന് നൂററാണ്ടിനിടയിൽ നബിയെ
ജീവനേക്കാളേറെ സ്നേഹിച്ച സ്വഹാ
ബികൾ, മദ്ഹബിൻെറ ഇമാമുകൾ, മു
ഹദ്ദിസുകൾ എന്നിവരെല്ലാം കഴിഞ്ഞു
പോയി അവർക്കാർക്കും ഇങ്ങനെ ഒരു
ജന്മദിനാഘോഷത്തിലൂടെ നബിയെ സ്
നേഹിക്കൽ അറിഞ്ഞുകൂടായിരുന്നു;അ
ങ്ങിനെ ഉണ്ടായിരുന്നുവെങ്കിൽ ഏതെ
ങ്കിലും മദ്ഹബ് ഗ്രന്ഥങ്ങളിലോ ഹദീ
സ് ഗ്രന്ഥങ്ങളിലോ നമുക്കത് കാണാമാ
യിരുന്നു.

സ്വഹാബികളാകട്ടെ നബി(സ)ക്ക് വെ
റുപ്പുള്ള കാര്യങ്ങൾ പോലും ജീവിത
ത്തിൽ പ്രവർത്തിക്കാത്തവരായിരുന്നു.
അപ്പോൾ പിന്നെ നബി(സ) വിരോധിച്ച
കാര്യം എങ്ങനെ ഒരു വിശ്വാസിക്ക് പ്ര
വർത്തിക്കാൻ കഴിയും !?. അവിടുന്ന് ജ
നങ്ങളോട് ഇങ്ങനെ താക്കീത് ചെയ്ത
തായി കാണാം ‘‘നിങ്ങൾ ക്രിസ്ത്യാനി
കൾ മറിയമിൻെറ പുത്രൻ ഈസായെ
പാടിപ്പുകഴ്ത്തുന്നത് പോലെ എന്നെ
പാടിപ്പുകഴ്ത്തരുത്’’ (ബുഖാരി) കാര്യ
ങ്ങൾ ഇത്രയും വ്യക്തമായ ശേഷവും
ആരെങ്കിലും അതിന്നെതിര് പ്രവർത്തി
ക്കുകയാണ് എങ്കിൽ അവർക്ക് അല്ലാ
ഹുവിൻെറ ആയത്ത് ഓതിക്കൊടുക്ക
ലല്ലാതെ മററ് യാതൊരു മാർഗവുമില്ല.

www.islamhouse.com

അല്ലാഹു പറയുന്നു ‘‘ ആരെങ്കിലും തനിക്ക് സന്മാർഗം വ്യക്തമായ ശേഷവും റസൂലുമായി എതിർത്തു നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്താൽ അവൻ തിരിഞ്ഞ മാർഗത്തിൽ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ടു നാം അവനെ കരിക്കുന്നതുമാണ് അതെത്ര മോശമായ പര്യവസാനമാണ് ’’

(സൂറ: നിസാഅ് 115)

മേൽ കൊടുത്ത ആയത്തിൽ നിന്നും മതം പഠിപ്പിക്കാത്ത ആചാരങ്ങൾ മതത്തിൻെറ പേരിൽ പ്രവർത്തിക്കുന്നതിനുള്ള ശിക്ഷയെന്താണെന്ന് നമുക്കു മനസിലാക്കാവുന്നതാണ്. ഇക്കാര്യം പ്രവാചകൻ(സ) അവിടുത്തെ എല്ലാ ഖുത്വുബയിലും ജനങ്ങളെ ഉണർത്തിയിരുന്നതായി ഹദീസുകളിൽ കാണാവുന്നതാണ്: ‘‘(മതത്തിൽ) എല്ലാ പുത്തൻ സമ്പ്രദായങ്ങളും ബിദ്അത്ത് (നൂതനാചാരങ്ങൾ) ആണ് എല്ലാ ബിദ്അത്തും ദുർമാർഗമാണ് എല്ലാ ദുർമാർഗവും നരകത്തിലേക്കുമാണ്’’ (അൽബാനിയുടെ ഇർവാഉൽ ഗലീൽ : നമ്പർ 608)

ഇനി നമുക്ക് മേപ്പടി ആഘോഷങ്ങൾ കൊണ്ടുനടക്കുന്നവരുടെ ദുർന്യായങ്ങൾക്ക് സത്യത്തിൻെറ വല്ല പിൻബലവുമുണ്ടോ എന്നും; ഏതാനും ഉദാഹരണങ്ങളിലൂടെ ഒന്ന് പരിശോധിച്ചു നോക്കാം.

### 1, തിങ്കളാഴ്ച ദിവസത്തെ നോമ്പ്

നബി(സ)യോട് തിങ്കളാഴ്ച നോമ്പിനെപ്പററി ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് ഇപ്രകാരം പറഞ്ഞു: ‘‘അ ന്നാണ് ഞാൻ ജനിച്ചത്, അന്നാണ് എനിക്ക് ഖുർആൻ ആദ്യമായി ഇറങ്ങിയത്, അന്നാണ് ഞാൻ നബിയായി നിയോഗിക്കപ്പെട്ടതും.’’ (മുസ്ലിം). മേൽപറഞ്ഞ ഹദീസിൽ മൂന്ന് കാര്യങ്ങളാണ് നബി(സ) തിങ്കളാഴ്ചയുടെ പ്രത്യേകതയായി പറഞ്ഞിട്ടുള്ളത്.

അതിനെ ഏതെങ്കിലും മാസവുമായി ബന്ധപ്പെടുത്തുകയാണ് എങ്കിൽ അതിൽ പറഞ്ഞ രണ്ട് കാര്യങ്ങൾ നടന്നത് റമദാനിലും ഒന്ന് മാത്രം റബീഉൽ അവ്വലിലുമാണ്. എന്നാൽ ഈ ഹദീസിന് ഏതെങ്കിലും മാസവുമായി യാതൊരു ബന്ധവും ഹദീസിൽ പറയപ്പെട്ടിട്ടില്ല, ഇനി മാസവുമായി അതിനെ ബന്ധിപ്പിക്കുകയാണെങ്കിൽ കൂടുതൽ അടുപ്പം റബീഉൽ അവ്വലിനോടല്ല; റമദാനിനോടാണ്. എന്നാൽ പ്രസ്തുത ഹദീസ് പ്രാവർത്തികമാക്കേണ്ടത് കൊല്ലത്തിൽ എല്ലാ തിങ്കളാഴ്ചകളിലും നോമ്പ് അനുഷ്ഠിച്ചു കൊണ്ടുമാണ്; പക്ഷേ നോമ്പ് അനുഷ്ഠിക്കാൻ പറഞ്ഞ ഹദീസ് തെളിവാക്കി ഭക്ഷണവും മധുര പാനീയങ്ങളുമുണ്ടാക്കി കഴിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് എന്ത് വിരോധാഭാസമാണ്..!!?.

## 2. അഖീഖ: അറുക്കൽ

ഒരു കുഞ്ഞു ജനിച്ചാൽ ഏഴാം ദിവസം അതിന് വേണ്ടി അഖീഖ: (ഒരു മൃഗത്തെ അല്ലാഹുവിൻെറ പ്രീതിക്കായി ബലി) അറുത്ത് വിതരണം ചെയ്യൽ നബിചര്യയിൽ പെട്ടതാണ്. എന്നാൽ മേൽ പറഞ്ഞതായ അറവ് ജന്മദിനത്തിലല്ല അറുക്കാൻ പറഞ്ഞിട്ടുള്ളത്. തന്നെയുമല്ല അത് എല്ലാ കൊല്ലവും നടത്തേണ്ടതായ ഒരു പുണ്യ കർമ്മവുമല്ല. ഒരു കുഞ്ഞിനു വേണ്ടി ജീവിതത്തിൽ ഒരിക്കൽ മാത്രമേ നിർവഹിക്കേണ്ടതുമുള്ളൂ. ഇതാണ് ജന്മദിനാഘോഷത്തിനുള്ള തെളിവെങ്കിൽ എന്ത്കൊണ്ട് സ്വഹാബികളും മററും ഇതൊഴിവാക്കി? അവർ നെബിയോട് വെറുപ്പുള്ളവർ ആയിരുന്നോ..!?.

## 3. ഖദീജാബീവി(റ) യുടെ മൗലിദ് ?

നബി(സ) ആടിനെ അറുത്ത് ഖദീജാ ബീവി(റ) യുടെ മൗലിദ് കഴിച്ചു!? എന്നതാണ് മറെറാരു വാദം !!
ആയിഷാ(റ) യിൽ നിന്ന് ഉദ്ധരിക്കുന്ന

ക്കുന്ന ഒരു ഹദീസ് ഇപ്രകാരം കാണാം: ''എനിക്ക് നബിയുടെ ഭാര്യമാരില്‍ ഖദീജ(റ)യോട് ഉണ്ടായിരുന്നത്ര വെറുപ്പ് മറ്റൊരാളോടും ഉണ്ടായിരുന്നില്ല, ഞാനാകട്ടെ അവരെ കണ്ടിട്ടു പോലുമില്ല. പക്ഷേ നബി(സ) എപ്പോഴും അവരെ പുകഴ്ത്തി പറയുമായിരുന്നു വല്ലപ്പോഴും ആടിനെ അറുക്കുകയാണ് എങ്കില്‍ അതില്‍നിന്നൊരു ഭാഗം മുറിച്ചെടുത്ത് ഖദീജ(റ)യുടെ കൂട്ടുകാരികള്‍ക്ക് കൊടുത്തയക്കുമായിരുന്നു.''(ബുഖാരി, മുസ്‌ലിം)

ഇതാകുന്നു മേല്‍കൊടുത്ത തലക്കെട്ടിന്നാധാരമാക്കി പറയുന്ന സംഭവം. ഇതിന്നാകട്ടെ ജന്മദിനവുമായോ ചരമദിനവുമായോ യാതൊരു ബന്ധവുമില്ല (ഇത് ചാവടിയന്തിരം നടത്തുന്നതിനും തെളിവാക്കാറുണ്ട്!) ഇത് ജന്മദിനാഘോഷത്തിനോ മൗലിദ് ഓതുന്നതിന്നോ തെളിവായിരുന്നുവെങ്കില്‍ എന്തുകൊണ്ട് നബി (സ) കഴിച്ച ഖദീജാമൗലിദ് സമൂഹത്തില്‍ കാണുന്നില്ല..? എന്നാല്‍ ഈ ഹദീസ് കുടുംബ ബന്ധം ചേര്‍ക്കുക എന്ന അദ്ധ്യായത്തിലാണ് മിക്ക ഹദീസ് ഗ്രന്ഥങ്ങളിലും ഉദ്ധരിച്ചിട്ടുള്ളത്. ഹദീസില്‍ വന്ന പദത്തില്‍ നിന്ന് സത്യാവസ്ഥ മനസിലാക്കുവാനും സാധിക്കും: റുബ്ബമാ എന്ന പദമാണ് ഹദീസില്‍ ഉപയോഗിച്ചിട്ടുള്ളത്, അതിന്‍െറ അര്‍ത്ഥമാകട്ടെ എപ്പോഴെങ്കിലും, വല്ലപ്പോഴും എന്നൊക്കെയുമാണ് താനും.

### 4. ഖുര്‍ആനില്‍ മൗലിദ് !?

വിശുദ്ധ ഖുര്‍ആന്‍ നബിയുടെ മൗലിദ് ഓതാന്‍ പറയുന്നുണ്ട് എന്നാണ് മറ്റൊരു വിചിത്രവാദം ! അതിന് തെളിവായി അഹ്സാബ് സൂറയിലെ 56ാം വചനവും! ഇന്നല്ലാഹ വമലാഇകത്തഹു...... ''നിശ്ചയമായും അല്ലാഹുവും മലക്കുകളും നബിയുടെ മേലില്‍ സ്വലാത്ത് ചൊല്ലുന്നു (അല്ലാഹു പ്രവാചകന് ഗുണം നല്‍കിക്കൊണ്ടിരിക്കുന്നു, മലക്കുകള്‍

www.islamhouse.com

നബി(സ)ക്ക് ഗുണത്തിനായി പ്രാർത്ഥിക്കുന്നു) സത്യവിശ്വാസികളേ നിങ്ങളും നബിക്ക് വേണ്ടി സ്വലാത്തും സലാമും ചൊല്ലുക ''(അഹ്സാബ്: 56)

ഈ ആയത്തുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ഹദീസ് ശ്രദ്ധിച്ചാൽ സത്യാവസ്ഥ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്നതാണ്. അബൂമസ്ഊദുൽ അൻസാരി (റ) പറയുന്നു: ബഷീറുബ്നു സഅദ് നബി(സ)യോട് ചോദിച്ചു; പ്രവാചകരേ അല്ലാഹു അങ്ങയുടെ മേൽ സ്വലാത്തും, സലാമും ചൊല്ലാൻ ഞങ്ങളോട് കൽപ്പിച്ചിരിക്കുന്നുവല്ലൊ, സലാം ചൊല്ലേണ്ട രൂപം ഞങ്ങൾക്കറിയാം എങ്ങിനെയാണ് ഞങ്ങൾ സ്വലാത്ത് ചൊല്ലേണ്ടത്? അന്നേരം നബി(സ) മൗനമായി ഇരിക്കുന്നത് കണ്ടപ്പോൾ നബിയോട് ചോദിക്കേണ്ടായിരുന്നു എന്ന് ഞങ്ങൾക്ക് തോന്നിപ്പോയി. അൽപം കഴിഞ്ഞ് നബി(സ) നിങ്ങൾ ഇപ്രകാരം സ്വലാത്ത്ചൊല്ലുക എന്ന്പറഞ്ഞു: ''അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത.. .. ... ഇന്നക്ക ഹമീദുൻ മജീദ്'' (ബുഖാരി). അത്തഹിയ്യാത്തിന്ന് ശേഷം നാം ചൊല്ലാറുള്ള ഇബ്റാഹീമി സ്വലാത്ത് നബി(സ) അവർക്ക് പഠിപ്പിച്ചു കൊടുത്തു. ഇതിൽ നിന്നും ഖുർആനിൽ നബി(സ) യുടെ മൗലിദ് പാരായണം ചെയ്യുന്നതിന് തെളിവുണ്ട് എന്ന വാദത്തിൻെറ സത്യാവസ്ഥയും ബോധ്യപ്പെട്ടരിക്കുമല്ലൊ.

സഹോദരങ്ങളേ ചിന്തിക്കുക റബീഉൽ അവ്വലുമായോ ജന്മദിനവുമായോ യാതൊരു ബന്ധവുമില്ലാത്ത ദുർന്യായങ്ങൾ മാത്രം !?.

## അന്നദാനമോ !?

ഇങ്ങിനെയെല്ലാം കാര്യങ്ങൾ വ്യക്തമാക്കിയാലും നിഷ്കളങ്കരായ ചിലരെല്ലാം ചോദിക്കുന്ന ചോദ്യം എന്നാലും ഭക്ഷ

ണമുണ്ടാക്കി വിതരണം ചെയ്യലല്ലേ എന്നതാണ്. അതുകൂടി വ്യക്തമാക്കാം.

പ്രവാചക നിയോഗമന കാലത്ത് പതിവുണ്ടായിരുന്നതും ഇസ്ലാം വിരോധിച്ചതുമായ ഒരു ദുരാചാരമായിരുന്നു മൈസർ (ചൂതാട്ടം). അതിലൂടെയും അക്കാലത്ത് ഭക്ഷണവിതരണമായിരുന്നു നടന്നിരുന്നത്; എന്നിട്ടും ഇസ്ലാം അത് ഹറാമാക്കി.

തന്നെയുമല്ല, അല്ലാഹുവല്ലാത്തവരുടെ പ്രീതിക്ക് വേണ്ടി അറുക്കപ്പെട്ട ഭക്ഷണത്തെ അല്ലാഹു ശവത്തോടും പന്നി മാംസം രക്തം എന്നിവയോടൊപ്പം ഹറാമാക്കിയതുമാണ്. (ഖുർആൻ സൂറ: ബഖറ 174, മാഇദ: 3). അത്തരം മാംസത്തിൽ നിന്നും നിങ്ങൾ ഭക്ഷിക്കരുതെന്ന കാര്യവും അല്ലാഹു വ്യക്തമാക്കിയതാണ്. (സൂറ അൻആം: 121). ''അല്ലാഹു വല്ലാത്തവർക്ക് വേണ്ടി അറുക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു'' (മുസ്ലിം). എന്ന നബിവചനവും നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. നബിദിന സദ്യയിൽ ഉണ്ടാക്കുന്ന ഭക്ഷണവും അറവും നബിയോടുള്ള സ്നേഹം കൊണ്ടും നബിയുടെ പ്രീതി ലഭിക്കാനും വേണ്ടിയല്ലാതെ മററെന്തിനാണ്?. നബിദിനത്തിൻെറ പേരിലും, റമദാൻ 17ന് ബദ്രീങ്ങളുടെ പേരിലുമെല്ലാം ഒരു വിഭാഗം ആളുകൾ നടത്തിക്കൊണ്ടിരിക്കുന്ന അറവ് മേൽ പറഞ്ഞ വിഭാഗത്തിൽ പെട്ടതു തന്നെയാണ്. അത്കൊണ്ട് തന്നെ അതിൽ പങ്കെടുക്കലും സഹകരിക്കലും മുസ്ലിമിന് പാടില്ലാത്തതാണ്.

നമ്മേക്കാളധികം നബിയെ സ്നേഹിച്ച സ്വഹാബികളോ നബി(സ)യുടെ ഭാര്യമാരോ ഇങ്ങിനെയൊരു ദാനധർമ്മത്തിന് മാതൃകകാണിച്ചു തന്നിട്ടുമില്ല. നബിയുടെ മരണശേഷം 48 കൊല്ലം ആയിഷ(റ) ജീവിച്ചു, നബിയുടെ ഭാര്യമാരിൽ അവസാനമായി മരണപ്പെട്ട ഉമ്മുസൽമ (റ) നബിക്ക് ശേഷം 51 കൊല്ലം ജീവിച്ച

വരാണ്. അവരാരെങ്കിലും പ്രസ്തുത ജ ന്മദിനത്തിൽ ഒരുചുള കാരക്കയോ ഒരു ഒരുലിററർ ഗോതമ്പോ പ്രത്യേകമായി ദാനം ചെയ്തിരുന്നെങ്കിൽ നമുക്കത് മാ തൃകയാക്കാമായിരുന്നു !.

## മൗലിദ് മദ്ഹോ !?

മൗലിദ് നബി(സ)യുടെ മദ്ഹ് പറയല ല്ലെ ? അതിലെന്താണ് കുഴപ്പം എന്നാണ് മററു ചിലരുടെ ചോദ്യം ? എന്നാൽ ഇ ങ്ങിനെ ചോദിക്കുന്ന ആത്മാർത്ഥത യോടെ അത്തരം കാര്യങ്ങളിൽ സഹക രിക്കുന്ന സാധാരണക്കാരോട് നമുക്ക് പറയാനുള്ളത് മദ്ഹ് പറയുന്നതിനും പ്രത്യേക ദിവസവും മാസവും തിര ഞ്ഞെടുക്കുന്നത് സുന്നത്തിന് എതിരാ ണ്. സ്വഹാബികളോ സ്വർഗ്ഗം കൊണ്ട് സന്തോഷമറിയിക്കപ്പെട്ട ഖുലഫാഉർറാ ഷിദുകളോ പുണ്യമായി കണ്ടെത്താത്ത ഒരു സമ്പ്രദായവുമായിരിക്കും അത് അതിനാൽ തന്നെ അത് പുണ്യകരമാവു കയുമില്ല. അതിനേക്കാളുപരിയായി പറ യാനുള്ളത് മദ്ഹ് എന്ന് പറയുന്ന മങ്കൂ സ് മൗലിദ് അടക്കമുള്ള പല കൃതികളി ലും നബി(സ)യോട് പാപങ്ങൾ പൊറു ക്കാനുള്ള അർത്ഥനയും സങ്കടം ബോ ധിപ്പിക്കലും കാണാവുന്നതാണ്. ഇവയ ത്രയും അല്ലാഹു ഒരിക്കലും പൊറുക്കാ ത്തതും ശാശ്വതമായും നരകത്തിൽ ക ഴിയേണ്ടി വരികയും നാം ചെയ്ത മുഴു വൻ അമലുകളേയും നിഷ്ഫല മാക്കു കയും ചെയ്യുന്ന ശിർക്കാണുതാനും. അല്ലാഹു നമ്മെ അത്തരം പാപങ്ങളിൽ ചെന്നുപെടാതെ കാത്തു രക്ഷിക്കട്ടെ.

## മൗലിദിന്റെ തുടക്കം

ആദ്യമൂന്ന് നൂററാണ്ടിന്ന് ശേഷം സമൂ ഹത്തിൽ കടത്തിക്കൂട്ടിയ ബിദ്അത്ത് (അനാചാരം) മാത്രമാണിത്. നമ്മുടെ നാട്ടിൽ പള്ളിദർസുകളിൽ പഠിപ്പിക്കു ന്ന ജലാലൈനി തഫ്സീറിന്റെ കർ ത്താക്കളിൽ ഒരാളായ ജലാലുദ്ദീനുസ്സു

യൂത്വി(റ) യുടെ അൽഹാവി ലിൽ ഫ താവ എന്ന ഗ്രന്ഥത്തിൽ അക്കാലത്തെ പൺഡിതനായ ഇമാം ഫാകിഹാനി നൽകിയ ഒരു ഫത്വ (മതവിധി) കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുക:

''ഈ മൗലിദിന്ന് ഖുർആനിലും സുന്നത്തിലും യാതൊരു രേഖയുമില്ല മതത്തിൽ മാതൃകയാക്കാവുന്നവരും പൂർവികരുടെ മാർഗമവലംബിക്കുകയും ചെയ്യുന്ന ഒരു പൺഡിതനിൽനിന്നും ഇത് ഉദ്ധരിക്കുന്നുമില്ല. മറിച്ച് ഇത് അലസന്മാർ നിർമ്മിച്ച ബിദ്അത്താണ്. തീററപ്രിയന്മാർ നടത്തിവരുന്ന ഒരു ദേഹേച്ഛയുമാണ് '' (ഇമാം ഫാകിഹാനി(റ).

ഹിജ്റ 630 ൽ മരണപ്പെട്ട ഹിർബൽ രാജാവായിരുന്ന മുളഫ്ഫർ ആണ് ഈ ബിദ്അത്തിന്ന് തുടക്കം കുറിച്ചത് എന്ന് സയ്യിദ്ഹാഷിം രിഫാഇയിൽ നിന്നും 'അൽ കൗലുൽ ഫസ്‌ലു ഫീ ഹുക്മി ഇഹ്തിഫാലി മൗലിദുർറസൂൽ (സ)' എന്ന ഗ്രന്ഥത്തിൽ ഇസ്മാഈലുൽ അൻസാരി എന്ന പൺഡിതൻ ഉദ്ധരിക്കുന്നുണ്ട്. ഇആനത്തുത്വാലിബീൻ എന്ന ഗ്രന്ഥത്തിലും ഇക്കാര്യം കാണാവുന്നതാണ്.

ഹിജ്റ നാലാം നൂററാണ്ടു മുതൽ നടപ്പിലായ ഒരു ദുരാചാരമാണ് മൗലിദെന്ന് അത് നിർവ്വഹിച്ചുകൊണ്ടിരിക്കുകയും അതിന് പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആളുകൾ തന്നെ വ്യക്തമാക്കിയിട്ടുള്ളതുമാണ്: ''നബി(സ)യുടെ ഉപദേശ നിർദ്ദേശങ്ങൾ അക്ഷരം പ്രതി ജീവിതത്തിൽ പകർത്തിയ ആദ്യ നൂററാണ്ടുകാരുടെ കാലത്ത് ഇങ്ങിനെ ഒരു ജന്മദിനം കൊണ്ടാടേണ്ടുന്ന ആവശ്യം ഉണ്ടായിരുന്നില്ല. .. . ഹിജ്റ നാലാം നൂററാണ്ട് മുതൽ മുസ്‌ലിം ലോകത്ത് ഈ സമ്പ്രദായം നടപ്പിലാവുകയും പ്രമുഖ പൺഡിതന്മാർ അതിന് അംഗീ കാരം നൽകുകയും ചെയ്തു..'' (സുന്നീ വോയ്സ് 1981 ഡിസ: 8)

www.islamhouse.com

സഹോദരൻമാരേ ചിന്തിക്കുക...! ഇത് സുന്നത്താകുമോ? പ്രതിഫലാർഹമായി ത്തീരുമോ..?. ഏററവും ഉത്തമ തലമുറ യാണെന്ന് പ്രവാചകൻ(സ) പ്രശംസിച്ച കാലഘട്ടത്തിന് ശേഷം ഉടലെടുത്ത ഒ രു വിഷയത്തിലൂടെ പുണ്യം പ്രതീക്ഷി ക്കൽ നബിയെ സ്നേഹിക്കലോ അതോ ധിക്കരിക്കലോ.?വിശുദ്ധഖുർആൻ ഹത ഭാഗ്യരായ ഒരുവിഭാഗത്തെ സൂറത്തുൽ കഹ്ഫിലൂടെ നമുക്ക് പറഞ്ഞു തരുന്നു ണ്ട്. അതുകൂടി ഇവിടെ ചേർത്ത് മന സ്സിലാക്കുന്നത് നന്നായിരിക്കും.

‘‘(നബിയേ) പറയുക പ്രവർത്തിച്ചു പ രാജയപ്പെടുന്ന ഒരുവിഭാഗത്തെ നാം നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ, ഐ ഹികജീവിതത്തിൽ തങ്ങളുടെ പ്രവർ ത്തനങ്ങൾ പിഴച്ചുപോയവരാണവർ, ത ങ്ങൾ നല്ലതാണ് പ്രവർത്തിക്കുന്നത് എ ന്ന് കരുതി കർമ്മങ്ങൾ ചെയ്തവരാണ വർ.. ..അവരുടെ കർമ്മങ്ങളെല്ലാം നിഷ് ഫലമായതുതന്നെ! അന്ത്യ ദിനത്തിലാക ട്ടെ യാതൊരു തൂക്കവും നാം അവർക്ക് (കർമ്മങ്ങൾക്ക്) നൽകുന്നതല്ല. അവിശ്വ സിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളേ യും ദൂതന്മാരേയും പരിഹസിക്കുകയും ചെയ്ത കാരണത്താൽ നരകമത്രെ അ വർക്കുള്ള പ്രതിഫലം’’ (അൽകഹ്ഫ്).

നോക്കൂ ..പ്രവർത്തിച്ചിട്ടും നരകത്തിൽ പോകേണ്ടി വരിക എന്തൊരു കഷ്ടം.. എത്ര ദൗർഭാഗ്യം !!?
നമുക്ക് പൂർവികരായ സലഫുസ്സാലിഹു കൾ ജീവിച്ച ഉത്തമ നൂററാണ്ടിലേക്ക് മ ടങ്ങാം ബിദ്അത്തുകൾ കയ്യൊഴിക്കാം. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീൻ).

وصلى الله وسلم على نبينا محمد وآله وصحبه أجمعين

തയ്യാറാക്കിയത്:
അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി
ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ സുലൈ
റിയാദ്. ഫോൺ: 2414488, ഫാക്സ് 2411733.

www.islamhouse.com

# حكم الاحتفال بالمولد النبوي

(باللغة المليبارية)

# പ്രവാചകസ്നേഹം

തയ്യാറാക്കിയത് :
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി